വിവേകാനന്ദ സൂക്തങ്ങൾ

(ബലം)
"എന്റെ ചുണകുട്ടികളെ, നിങ്ങളൊക്കെ വന്കാര്യങ്ങൾ ചെയ്യാൻ പിറന്നവരാണെന്ന വിശ്വാസം നിങ്ങൾക്ക് വേണം, നിങ്ങൾ നായ്കുട്ടികളുടെ കുര കേട്ട് ഭയപെടരുത്, എഴുന്നേൽക്കൂ പ്രവർത്തിക്കൂ"

വിവേകാനന്ദ സൂക്തങ്ങൾ

🙏" നിങ്ങളുടെ മാതൃഭൂമിക്ക് വീരന്മാക്കളെ ആവശ്യമുണ്ട്, വീരന്മാരാകുവിൻ, പാറപോലെ ഉറച്ചുനില്ക്കുക, സത്യം സർവ്വദാ വിജയിക്കും. ഭാരതത്തിനു വേണ്ടത് അതിന്റെ ധമനികളിൽ പുതുവീര്യം ഉണർത്താൻ പര്യാപ്തമായ ഒരു വൈദ്യുതമഹാഗ്നിയാണ്"🙏

വിവേകാനന്ദ സൂക്തങ്ങൾ

🙏 "ധീരരായിരിക്കുക ധീരരായിരിക്കുക ! മനുഷ്യൻ ഒരിക്കലേ മരിക്കൂ എന്നൊർമ്മവേണം, എന്റെ ശിഷ്യന്മാർ

ഭീരുക്കളാകാൻ പാടില്ലാ, ഭീരുത്വത്തെ ഞാൻ വെറുക്കുന്നു. ഒരിക്കലും സമനില കൈവിടരുത്, നിങ്ങള്ക്കെതിരായി വല്ല ചപല ജന്തുക്കളും പറയുന്നതൊന്നും ശ്രദ്ധിക്കരുത്, അവഗണന! അവഗണന! അവഗണന! അത്രതന്നെ,
ഒന്നൊർമ്മിക്കണം, നമുക്ക് കണ്ണ് രണ്ടുണ്ട് ചെവി രണ്ടുണ്ട് പക്ഷേ വായ് ഒന്നേ ഉള്ളൂ,
എല്ലാ മഹാപ്രയത്നങ്ങളും
സാധിച്ചിട്ടുള്ളത്
പ്രതിബെന്ധങ്ങളിലൂടെയാണ്, നിങ്ങളുടെ പൌരുഷപൂർണ്ണമായ കർമ്മശക്തി അതിൽ പ്രയുക്തമാവട്ടെ, അർത്ഥകാമങ്ങളുടെ പിടിയിൽ കുടുങ്ങിയ ഷുദ്രജീവികൾ കേവലം അവഗണനയെ
അർഹിക്കുന്നുള്ളൂ"🙏

വിവേകാനന്ദ സൂക്തങ്ങൾ

" സ്നേഹിതാ, എന്തിനു വിലപിക്കുന്നു? സമസ്തശക്തിയും നിങ്ങളിലുണ്ടല്ലോ! അല്ലയോ ഭഗവാനേ, നിങ്ങളുടെ സർവ്വശക്തമായ ആ 'സ ഭാവ' ത്തെ വിളിച്ചുണർത്തൂ. അപ്പോൾ ഈ പ്രപഞ്ചം

മുഴുവൻ നിങ്ങളുടെ കാൽച്ചുവട്ടിൽ വീഴുമല്ലോ! ആത്മാവ് മാത്രമാണ് വിജയിക്കുന്നത്. തങ്ങൾ ശരീരമാണെന്നു കരുതുന്ന മൂടടൻ മാരാണ് 'ഞങ്ങൾ ഷീണൻമാർ,ദീനന്മാർ' എന്നിങ്ങനെ ദെയനീയമായി വിലപിക്കുന്നത്, നമ്മുടെ മാതൃഭൂമിക്ക് വേണ്ടത് ഉത്സാഹവും ശാസ്ത്രീയ ബുദ്ധിയും ആണ്, നമുക്ക് മഹത്തായ ഉത്സാഹം വേണം; അമന്ദമായ ഊർജ്ജസ്വലത വേണം, അനന്തമായ കർമ്മശക്തി വേണം. സ്ത്രൈണ ഭാവം കൊണ്ട് കാര്യമില്ല, ഉത്സാഹിയായ പുരുക്ഷസിംഹത്തെ ലക്ഷ്മി ഉപാശ്രയിക്കും. പുറകോട്ടു നോക്കേണ്ട. മുന്നോട്ടു, മുന്നോട്ടു! നമുക്ക് അനന്തമായ കർമ്മശക്തി വേണം, അനന്തമായ ഉത്സാഹം വേണം, അനന്തമായ ധൈര്യവും ക്ഷമയും വേണം എങ്കിലേ മഹാകര്യങ്ങൾ സാധിക്കാനാവൂ."

Design and PDF MAKING
ShijulaShiju
ഉദയ ഭാരതം